(ബി) സർവ്വീസ് ഓപ്പറേഷന് തടസ്സം വരാത്ത വിധത്തിൽ ബദൽ സംവിധാനം ഉണ്ടാക്കിയ ശേഷം മാത്രമേ ജീവനക്കാർക്ക് ലീവ് അനുവദിക്കാറുള്ളു.

(സി) മുൻകൂർ അനുവാദം വാങ്ങാതെ സ്ഥിരം ജീവനക്കാർ ഡ്യൂട്ടിക്കു വരാതിരുന്നാൽ കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിനു താൽക്കാലിക ജീവനക്കാരെ വിനിയോഗിച്ചു സർവ്വീസ് നടത്തിവരുന്നു.

ശ്രീ ചിത്രാ എഞ്ചിനീയറിംഗ് കോളേജിലെ നിയമനം

102 [2874] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യുടെ കീഴിലുള്ള ശ്രീ ചിത്രാ എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേരെ സ്ഥിരം-കരാർ-ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചുവെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് എത്ര വയസ്സുവരെയാണ് ഇവിടെ സേവന കാലാവധി നിർണ്ണയിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഡി) നിർദ്ദിഷ്ട സേവന കാലാവധി പ്രായം കഴിഞ്ഞവർ ഇവിടെ ജോലി നോക്കുന്നുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(എഫ്) ഒരു പൊതു മേഖലാ സ്ഥാപനമെന്ന നിലയിൽ ഈ സ്ഥാപനത്തിലെ നിയമനങ്ങൾ പൂർണ്ണമായും മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവേശന തസ്തികകളിൽ പത്ര പരസ്യം വഴി അപേക്ഷ ക്ഷണിച്ചിട്ട് എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തി ബോർഡ് ഓഫ് ഗവർണേഴ്സ് രൂപീകരിച്ച സ്റ്റാഫ് സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ അംഗീകാരത്തോടുകൂടിയാണ് നിയമനം നടത്തുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (5-9-2004) ദീർഘ കാലമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 4 ജീവനക്കാരെ റഗുലറൈസ് ചെയ്യുകയുണ്ടായി. ഈ കാലയളവിൽ തന്നെ 2 ജീവനക്കാരെ കരാറടിസ്ഥാനത്തിലും 4 ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly